പി3 /12793/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 18.02.2020

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - 2019-20 വർഷത്തെ പ്ലാൻ ഫണ്ട് വിനിയോഗവും 2020-21 സാമ്പത്തിക വർഷത്തെ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട അവലോകന യോഗം - സംബന്ധിച്ച്.

അവലോകന യോഗവും 2019-20 സാമ്പത്തിക വർഷ പ്ലാൻ ഫണ്ടും, 2020-21 വർഷം കോളേജിൽ നടപ്പിലാക്കേണ്ട ഭൗതിക/അക്കാദമിക വികസനത്തിനായി തയ്യാറെടുക്കേണ്ട പ്ലാൻ ചർച്ച ചെയ്യുന്നതിനും 25-02-2020 രാവിലെ 9 മണി മുതൽ രാത്രി 8 മണി വരെ തിരുവനന്തപുരം, ഗവൺമെന്റ് ട്രെയിനിംഗ് കോളേജിൽ വച്ച് എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാരുടെ യോഗം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ എല്ലാ പ്രിൻസിപ്പാൾമാരും മുഴുവൻ സമയം നിർബന്ധമായി പങ്കെടുക്കേണ്ടതാണ്.

2020-21 വർഷത്തെ പ്ലാൻ പ്രൊപ്പോസൽ തയ്യാറാക്കുമ്പോൾ താഴെ സൂചിപ്പിക്കുന്ന മാർഗ നിർദ്ദേശങ്ങൾ എല്ലാ പ്രിൻസിപ്പാൾമാരും ശ്രദ്ധിക്കേണ്ടതാണ്.

1. കോളേജിന്റെ ഭൗതിക/അക്കാദമിക വികസനത്തിനുള്ള പ്രൊപ്പോസൽ കോളേജിൽ കോളേജ് കൗൺസിൽ/പർച്ചേസ് കമ്മിറ്റി/ബിൽഡിംഗ് കമ്മിറ്റി കൂടി ചർച്ച ചെയ്ത് തയ്യാറാക്കേണ്ടതാണ്. (നടപ്പിലാക്കേണ്ട പദ്ധതികളുടെ, മുൻഗണന പ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.)
2. ഡി.പി.ആർ/മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കിയിയിട്ടുള്ള കോളേജുകൾ അവർ സമർപ്പിക്കുന്ന പ്രൊപ്പോസൽ ഇതിൻ പ്രകാരമാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3. KIIFB യോ മറ്റ് ഫണ്ട് പ്രകാരമോ നേരത്തെ ആവശ്യപ്പെട്ടതും, സമർപ്പിച്ചതുമായ പ്രവർത്തികൾ വീണ്ടും സമർപ്പിക്കാൻ പാടുള്ളതല്ല. അത്തരത്തിൽ നേരത്തെ സമർപ്പിച്ച പ്രൊപ്പോസലുകൾ അത്യാവശ്യമായ നടപ്പിലാക്കേണ്ടതാണെങ്കിൽ നേരത്തെ സമർപ്പിച്ച പ്രൊപ്പോസലിന്റെ

4. പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ താഴെ സൂചിപ്പിക്കുന്ന രേഖകൾ നിർബന്ധമായും ഉൾക്കൊളളിക്കേണ്ടതാണ്.

(i) സമർപ്പിക്കുന്ന പ്രൊപ്പോസലിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന രീതിയിലുളള വ്യക്തമായ ന്യായീകരണം ഇതിൽ നിലവിലെ അവസ്ഥ, നിലവിൽ ലഭ്യമായ സൗകര്യങ്ങൾ, പ്രൊപ്പോസൽ നടപ്പിലാക്കിയാൽ ലഭിക്കാവുന്ന ഭൗതിക/അക്കാദമിക/ഗുണപരമായ മാറ്റങ്ങൾ എന്നിവ വിശദമാക്കേണ്ടതാണ്. വിശദമായ ന്യായീകരണം സമർപ്പിക്കാത്ത പ്രൊപ്പോസൽ പരിഗണിക്കുന്നതല്ല.

(ii) വിശദമായ എസ്റ്റിമേറ്റ് (സമർപ്പിക്കുന്ന എല്ലാ പ്രൊപ്പോസലിലും രൂപകല്പന ചെയ്തിട്ടുളള എല്ലാ components ന്റെ എസ്റ്റിമേറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തണം) നിർമ്മാണ പ്രവർത്തനങ്ങൾ ആണെങ്കിൽ ഏജൻസി ഏതെന്നും, വിശദമായ എസ്റ്റിമേറ്റും സമർപ്പിക്കേണ്ടതാണ്. (PWD തയ്യാറാക്കുന്ന price software പോലുളള മാർഗം അവലംബിക്കാവുന്നതാണ്.)

(iii) ചെക്ക് ലിസ്റ്റ് (Annexure-1) രേഖപ്പെടുത്തി ഓരോ പ്രൊപ്പോസലിനോടൊപ്പം ഉൾക്കൊളളിക്കേണ്ടതാണ്.

(iv) സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെ

1. 6 പകർപ്പുകൾ (Hard Copy) ആസ്ഥാന കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.
2. അനാവശ്യമായ പ്രൊപ്പോസലുകളോ, exaggerated പ്രൊപ്പോസലുകളോ യാതൊരു കാരണവശാലും സമർപ്പിക്കുവാൻ പാടില്ല.
3. ഐ.റ്റി/ ഇലക്ട്രോണിക് പർച്ചേസിനായുളള പ്രൊപ്പോസലുകൾ നിലവിലുളള സർക്കാർ ഉത്തരവിന് ഉത്തരവ് നമ്പർ 21-10-2019 - ലെ ഐറ്റി സെൽ -1/106/2019/വി.സ.വ നമ്പർ സർക്കാർ പരിപത്രം. വിധേയമായി മാത്രമേ സമർപ്പിക്കുവാൻ പാടുളളൂ. ആയതിനോടൊപ്പം വ്യക്തമായ സ്പെസിഫിക്കേഷനും ഉൾപ്പെടുത്തേണ്ടതാണ്.

4. എല്ലാ പ്രൊപ്പോസലുകൾക്കൊപ്പവും കോളേജ് കൗൺസിൽ/ പർച്ചേസ് കമ്മിറ്റി/ബിൽഡിംഗ് കമ്മിറ്റി കൂടി തീരുമാനിച്ച മീറ്റിംഗ് മിനിട്സിന്റെ പകർപ്പ് കൂടി ഉൾപ്പെടുത്തേണ്ടതാണ്.

5. പ്ലാൻ കമ്മിറ്റി കൂടി അംഗീകരിച്ച പ്രൊപ്പോസലിനെ അതിന്റെ മുൻഗണന (priority) അടിസ്ഥാനത്തിലുള്ള ലിസ്റ്റ് പ്രിൻസിപ്പാൾ സമർപ്പിക്കേണ്ടതാണ്.
6. 2019-20 വർഷത്തെ പ്ലാൻ ഫണ്ട് വിനിയോഗവും സംബന്ധിച്ച് വിവരങ്ങൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള പ്രൊഫോർമയിൽ (Annexure–II) തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഫർണിച്ചർ പർച്ചേസിന് 5 ലക്ഷം രൂപ വരെയും ഐടി പർച്ചേസിന് 3 ലക്ഷം രൂപ വരെയുമാണ് വകുപ്പ് മേധാവിയ്ക്ക് നിലവിലുള്ള ഉത്തരവ് പ്രകാരം ഭരണാനുമതി നൽകാവുന്നതാണ്. ആയതിനാൽ മേൽപ്പറഞ്ഞ തുകയ്ക്ക് മുകളിലുള്ള പ്രൊപ്പോസലുകൾ മാത്രം വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചാൽ മതിയാകും.

ഒപ്പ്/
വി.വിഗ്നേശ്വരി.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ പ്രിൻസിപ്പാൾമാർക്കും
2. നടപ്പു ഫയൽ/ കരുതൽ ഫയൽ

// അംഗീകാരത്തോടെ//

സൂപ്രണ്ട്

വി.എസ്. 18/02/2020